# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-9/1107/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-9/1107/2023 തീയ്യതി: 03/10/2023

# ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-08-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റോയ് റ്റി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനീഷ് എച്ച് | പ്രസിഡന്റ് | 01-04-2022 | 16-06-2022 |
| ശ്രീ. വി ജി ജയകുമാർ | പ്രസിഡന്റ് | 17-06-2022 | 31-03-2023 |
| ശ്രീമതി. ശോഭ കെ | സെക്രട്ടറി | 01-04-2022 | 03-05-2022 |
| ശ്രീ. കാർത്തികേയൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-05-2022 | 03-06-2022 |
| ശ്രീമതി. ശോഭ കെ | സെക്രട്ടറി | 04-06-2022 | 13-09-2022 |
| ശ്രീ. കാർത്തികേയൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2022 | 19-09-2022 |
| ശ്രീമതി. ലീന കെ നായർ റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-09-2022 | 25-10-2022 |
| ശ്രീ. മേഘനാഥൻ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 04-11-2022 |
| ശ്രീ. രതീഷ് കുമാർ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-11-2022 | 08-12-2022 |
| ശ്രീ.സുരേഷ് ജോർജ്ജ് റ്റി | സെക്രട്ടറി | 09-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഇന്ദു ബി | 01-04-2022 | 01-10-2022 |
| കൃഷി ഓഫീസർ | ശ്രീ. രഞ്ജിത്ത് കുമാർ വി എൻ | 02-10-2022 | 31-03-2023 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ. നീന ചന്ദ്രൻ | 01-04-2022 | 31-03-2023 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സ്മിത ഷേണായി | 01-04-2022 | 31-03-2023 |
| വെറ്ററിനറി സർജൻ | ഡോ. മുഹമ്മദ് റിയാസ് | 01-04-2022 | 31-03-2023 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. റീന പദ്മനാഭൻ | 01-04-2022 | 31-12-2022 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. അനുമോൾ പി കെ | 01-01-2023 | 31-03-2023 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശോഭ എസ് | 01-04-2022 | 31-03-2023 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വല്ലേത്തോട് | ശ്രീമതി. സഫീറ എം എ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സർക്കിൾ | | | |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കോടംതുരുത്ത് സർക്കിൾ | ശ്രീമതി. ലത പി വി | 01-04-2022 | 31-03-2023 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സതീഷ് കുമാർ കെ പി | 01-04-2022 | 31-03-2023 |
| ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | ശ്രീമതി. ലീന ഡെന്നിസ് | 01-04-2022 | 31-08-2022 |
| ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | ശ്രീമതി. ആശാമോൾ ആന്റണി | 01-09-2022 | 20-12-2022 |
| ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | ശ്രീ. പ്രമോദ് യു നായർ | 21-12-2022 | 31-03-2023 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ, കാർത്തികേയൻ വി | 01-04-2022 | 19-09-2022 |
| അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 20-09-2022 | 31-10-2022 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രതീഷ് കുമാർ ആർ | 01-11-2022 | 31-03-2023 |
| എച്ച് എം, ഗവ. യു പി എസ്, ചങ്ങരം | ശ്രീമതി. മഞ്ജുളാ നാഥ് | 01-04-2022 | 30-06-2022 |
| എച്ച് എം, ഗവ. യു പി എസ്, ചങ്ങരം | ഡോ. രാജ് ഗോപാൽ ജി പൈ | 01-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല. | 1-1-2 |
| 4 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-3 |
| 5 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ആകെ ആസ്തി മൂല്യത്തേക്കാൾ കൂടുതൽ തുക ഡിപ്രിസീയേഷനായി നൽകിയിരിക്കുന്നു. | 1-1-7 |
| 9 | രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 21 | ലേലം പൂർണ്ണമായും നടപ്പിലാക്കിയില്ല | 1-12 |
| 22 | ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 23 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കുന്നില്ല | 1-14 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നില്ല | 1-15 |

| | | |
|---|---|---|
| 25 | വാടക രജിസ്റ്റർ - അപാകതകൾ | 1-16 |
| 26 | സ്കോളർഷിപ്പ് വിതരണം - അർഹമായതിലും അധികം തുക നൽകി | 1-17 |
| 27 | വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം-അധികമായി നൽകിയ 9437/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-18 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണം ചെയ്യാത്ത കട്ടിലുകളുടെ വില നിരാകരിക്കുന്നു | 1-19 |
| 29 | വൃക്ഷത്തൈ നടീൽ - സർഫസ് ഡ്രസിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തതുവഴി അധികച്ചെലവിന് ഇടയാക്കി | 1-20 |
| 30 | MGNREGS - എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക വേതനമായി ചെലവഴിച്ചു | 1-21 |
| 31 | അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം വാർഡ് 15 – എക്സ്കവേറ്റ് ചെയ്ത മണ്ണ് നിലവിലുള്ളപ്പോൾ ഗ്രാവൽ ഫില്ലിംഗിന് തുക അനുവദിച്ചു | 1-22 |
| 32 | നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി | 1-23 |
| 33 | കണക്ഷൻ വിച്ഛേദിക്കുന്നതിനായി തുക അടവാക്കിയിട്ടും വാട്ടർ അതോറിറ്റി മുഴുവൻ ടാപ്പുകളുടെയും ബില്ലുകൾ നല്കിവരുന്നു. | 1-24 |
| 34 | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് – വിതരണം അപൂർണ്ണം | 1-25 |
| 35 | ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി, ലാബ് പ്രവർത്തനം തുടങ്ങിയില്ല | 1-26 |
| 36 | പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിയത് നന്നാക്കുന്നതിന് കരാറുകാരന് വേതനം നല്കുന്നു | 1-27 |
| 37 | പഞ്ചായത്തിന്റെ അനുമതിയോ കമ്മിറ്റി തീരുമാനമോ ഇല്ലാത്ത പ്രവൃത്തിക്ക് തുക നല്കി | 1-28 |
| 38 | പഞ്ചായത്ത് വാഹനത്തിന് ഷെഡ് നിർമ്മാണം - അധികച്ചെലവ് | 1-29 |
| 39 | തെരുവു വിളക്കുകളുടെ മെയിന്റനൻസ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 40 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയില്ല | 1-31 |
| 41 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി- നാളിതുവരെ പണി തുടങ്ങിയിട്ടില്ല | 1-32 |
| 42 | മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭിച്ചിട്ടില്ല | 1-33 |
| 43 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരങ്ങളില്ല | 1-34 |
| 44 | വിവിധ അങ്കണവാടികളുടെ നവീകരണം – പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-35 |

| | | |
|---|---|---|
| 45 | MGNREGS നായി ചെലവഴിച്ച 158961/- രൂപ നാളിതുവരെ റീക്കപ്പ് ചെയ്തിട്ടില്ല | 1-36 |
| 46 | ഹെഡ്മാസ്റ്റർ, ചങ്ങരം യു.പി.സ്കൂൾ നിർവ്വഹണം നടത്തിയ ലാപ്ടോപ്പ് വിതരണ പദ്ധതി - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-37 |
| 47 | ചില പദ്ധതി ഫയലുകളിൽ രേഖകൾ അപൂർണ്ണം | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്കോളർഷിപ്പ് വിതരണം - അർഹമായതിലും അധികം തുക നൽകി | 3-1 |
| 2 | വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം-അധികമായി നൽകിയ 9437/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-2 |
| 3 | അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം വാർഡ് 15 – എക്സ്കവേറ്റ് ചെയ്ത മണ്ണ് നിലവിലുള്ളപ്പോൾ ഗ്രാവൽ ഫില്ലിംഗിന് തുക അനുവദിച്ചു | 3-3 |
| 4 | നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023-ലെ 7(10) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പം നീക്കിയിരിപ്പം തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

എഴുപുന്ന സൗത്ത് സർവ്വീസ് സഹകരണ ബാങ്കിലെ ഇ.എം.എസ് ലോൺ അക്കൗണ്ടിന്റെ 03/23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്ക് ബാലൻസായി കാണിച്ചിട്ടുള്ളത് 1826/- രൂപയാണ്. എന്നാൽ യഥാർത്ഥ നീക്കിയിരുപ്പ് 1872/- രൂപയാണ്.

1-1-4 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-5 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-6 ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് തുക (5282518) ഷെഡ്യൂൾ B-17, RP-40(b) എന്നിവ പ്രകാരമുള്ള യഥാർത്ഥ നീക്കിയിരുപ്പ് തുകയുമായി (5306477) പൊരുത്തപ്പെടുന്നില്ല.

1-1-7 ആകെ ആസ്തി മൂല്യത്തേക്കാൾ കൂടുതൽ തുക ഡിപ്രിസീയേഷനായി നൽകിയിരിക്കുന്നു.

വാർഷിക കണക്ക് പ്രകാരം റോഡ്, പാലങ്ങൾ എന്നിവയുടെ ആകെ ആസ്തി മൂല്യം 41303357/- രൂപയാണ്. എന്നാൽ ഇവയുടെ ഡിപ്രിസീയേഷനായി 44284174/- രൂപയാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-8 രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയില്ല

ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ (Advance To Others) എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.

1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തൻവർഷം ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 21.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. 07.03.2023 -ലെ തീരുമാനം നം. 6(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
| --- | --- | --- |

| | | |
|---|---|---|
| ബജറ്റ് പ്രകാരം | 236528909 | 233522500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 130395208 | 136313709 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15987645 |
| വരവ് | 37586310 |
| ആകെ | 53573955 |
| ചെലവ് | 32945528 |
| നീക്കിയിരിപ്പ് | 20628427 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17324000 | 17324000 | 14170104 | 3153896 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8016584 | 8016584 | 8001486 | 15098 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 2327300 | 2327300 | 1532810 | 794490 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 5132000 | 5132000 | 3674226 | 1457774 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 463250 | 463250 | 102633 | 360617 (ലാപ്സ്ഡ്) |

| | | | | | |
|---|---|---|---|---|---|
| (ടൈഡ്) ട്രഷറി | | | | | |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ബാങ്ക് | 2758193 | 4021000 | 6779193 | 2670852 | 4108341 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ട്രഷറി | 0 | 511657 | 511657 | 149160 | 362497 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 718203 | 2863344 (പലിശ ഉൾപ്പെടെ) | 3581547 | 2407370 | 1174177 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 175 | 83088084 | 143 | 42491020 | 8 | 24 | 81.7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1109 | 1404269 | 1405378 | 1401165 | 4213 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 37943835 | 37943835 | 37943835 | 0 |
| ആകെ | 1109 | 39348104 | 39349213 | 39345000 | 4213 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 18000 | 15 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4164200 | 388 |
| വിധവാപെൻഷൻ | 7830700 | 790 |
| വാർദ്ധക്യകാല പെൻഷൻ | 18677300 | 2073 |
| വികലാംഗ പെൻഷൻ | 2950700 | 278 |
| അവിവാഹിത പെൻഷൻ | 900900 | 89 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2023 തീയതിയിൽ 02.27 P.M സമയത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,223/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
8. തൊഴിൽനികുതി, ലൈസൻസ് മുതലായ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷിക കണക്കും പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 4000000/- | 2765547/- | -1234453/- |
| തൊഴിൽ നികുതി(തൻവർഷം) | 1550000/- | 1206170/- | -343830/- |
| വാടക വരവ് | 400000/- | 218722/- | -181278/- |
| ഫീ & യൂസർ ചാർജ് | 915000/- | 578865/- | -336135/- |
| സെയിൽ & ഹയർ ചാർജസ് | 260000/- | 210688/- | -49312/- |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 0 | 0 | 0 |
| പലിശ ലഭിച്ചത് | 450000/- | 339997/- | -110003/- |
| മറ്റു വരവുകൾ | 175000/- | 12630/- | 162370/- |
| ആകെ | 7750000/- | 5332619/- | -2417381/- |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്. കളക്ഷൻ ക്യാമ്പുകൾ നടത്തി ഗ്രാമപഞ്ചായത്തിൽ 100% നികുതി പിരിവ് നടത്തിയിട്ടുണ്ട്.
01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.
സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
സർക്കാർ ഉത്തരവ് (കൈ) നം. 117/2022/lsgd, തീയതി 01.06.2022 സർക്കുലർ പ്രകാരം ഡി.സി.ബി.സ്റ്റേറ്റ്മെന്റ് മൂന്ന് മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്യുന്നില്ല. നികുതി, നികുതിയേതര വരവുകളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്താറില്ല.
ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 109 അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെയായുണ്ട്. CRZ ൽ ഉൾപ്പെട്ടിട്ടുള്ള ധാരാളം അപേക്ഷകൾ ഉള്ളതിനാലാണ് ഇത്രയും അപേക്ഷകൾ കുടിശ്ശികയായുള്ളത്. അപാകതകൾ പരിഹരിക്കുന്നതിനായി കത്ത് നല്കിയിട്ടുള്ളതാണ്.

ടർഫ്, കേബിൾ ടി.വി. നെറ്റ്‌വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ, വാഹന ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല.

ധാരാളം ചെമ്മീൻ പീലിംഗ് ഷെഡുകളും മത്സ്യസംസ്കരണശാലകളും ഉള്ള ഗ്രാമപഞ്ചായത്തായതിനാൽ ശുചിത്വമിഷന്റെ സഹായത്തോടെ Sewage Treatment Plant സ്ഥാപിക്കുന്നതിന് 1.5 കോടി രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി സർവ്വീസ് ചാർജ്ജിലൂടെ വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്റ്റുഡിയോകൾ, സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ഇറച്ചിക്കടകൾ പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർ പാർട്സ്, ബ്യൂട്ടിപാർലർ, സിമന്റ്/കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

ജീവനക്കാരുടെ തൊഴിൽ നികുതി -

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ വിവരം, ജീവനക്കാരുടെ പേരുവിവരം, തുക അടവാക്കിയതിന്റെ വിവരം, രസീത് നം. എന്നിവയൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. പല സ്ഥാപനങ്ങളുടെയും ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് മാത്രമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ലഭ്യമായ തുക | | റിമാർക്സ് |
|---|---|---|---|---|
| | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | |
| പോസ്റ്റ് ഓഫീസ്, എഴുപുന്ന സൗത്ത് | 1 | -- | 1250 | |
| VKL | 12 | -- | 15000 | |
| മുത്തൂറ്റ് ഫിൻകോർപ്പ് | 5 | -- | 4200 | |
| ജില്ലാ പോലീസ് ഓഫീസ് | 1 | -- | 1250 | |
| Kesava Prabha Microfinance | 6 | -- | 4950 | |
| NHM Ayush, Kodamthuruth | 3 | -- | 2950 | |
| കുത്തിയതോട് വ്യവസായ | 1 | -- | സ്റ്റേറ്റ്മെന്റിൽ തുക | |

| | | | | |
|---|---|---|---|---|
| സഹകരണ സംഘം | | | കാണിച്ചിട്ടില്ല | |
| അക്കൗണ്ട്സ് ഓഫീസർ, ജില്ലാ പോലീസ് | 1 | -- | 1250 | |
| കുരമാഞ്ചേരി ഹോളിഡേയ്സ് | 12 | 9650 | -- | |
| Redhorn Fitment Co. | 10 | 12500 | -- | |
| KPB Fincare Ltd. | 7 | 3930 | -- | |
| അമല പബ്ലിക് സ്കൂൾ | 8 | 8250 | | രണ്ടു സ്റ്റേറ്റ്മെന്റും ഒന്നാം അർദ്ധവർഷത്തെയാണ്. |
| | 8 | 7920 | | |
| കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 8 | 11250 | -- | |
| KSEB | 31 | 38750 | -- | |
| പോലീസ് സ്റ്റേഷൻ | 46 | 57500 | -- | |
| എഴുപുന്ന സൗത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് | 11 | 13750 | -- | |
| Sales Tax (GST) | 10+2 | 15000 | -- | |
| Sales Tax Audit Division | 3 +6 | 15000 | 11250 | ഒന്നാം അർദ്ധവർഷത്തിലും കുറവാണ് രണ്ടാം അർദ്ധ വർഷം ലഭ്യമായിട്ടുള്ളത്. |
| കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | | -- | -- | |

ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെയും, ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുള്ള കരാർ/ദിവസവേതന ജീവനക്കാരുടെയും തൊഴിൽ നികുതി ലഭ്യമായതായി കാണുന്നില്ല.

ഇതു കൂടാതെ ആയുർവേദ ആശുപത്രികൾ, റേഷൻകടകൾ, കള്ളുഷാപ്പുകൾ തുടങ്ങി മറ്റ് അംഗീകൃത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൻവർഷം ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിൽനികുതി ലഭ്യമായി കാണുന്നില്ല. ഉദാ:- അമാൽഗം ന്യൂട്രിയന്റ്സ്, കേയ ഫുഡ്സ്, വിവിധ കാർട്ടൺ കമ്പനികൾ, സമുദ്രോൽപ്പന്ന സംസ്കരണ കമ്പനികൾ

2. സ്ഥാപന തൊഴിൽ നികുതി

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|
| ധനലക്ഷ്മി ബാങ്ക് | -- | -- |
| കാനറാ ബാങ്ക് | 1250 | -- |

| | | |
|---|---|---|
| Kesava Prabha Microfinance | -- | -- |
| മുത്തൂറ്റ് ഫിനാൻസ് | -- | -- |
| മുത്തൂറ്റ് ഫിൻകോർപ്പ് | -- | -- |
| Kuthiathodu Rural Housing Society | -- | -- |
| കുത്തിയതോട് വ്യവസായ സഹകരണ സംഘം | -- | -- |
| KPB Fincare Ltd | -- | -- |
| SBI | -- | -- |
| എഴുപുന്ന സൗത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | -- | -- |
| കരുമാഞ്ചേരി ഫിനാൻസ് | -- | 1250 |
| കേരള സംസ്ഥാന സഹകരണ ബാങ്ക് | 1250 | -- |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/11.8.23) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 (എ-കെ), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികളുടെയും വ്യക്തികളുടെയും തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ പലിശസഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ലേലം പൂർണ്ണമായും നടപ്പിലാക്കിയില്ല

പബ്ലിക് മാർക്കറ്റിലെ കടമുറികൾ, ചങ്ങരം പാടശേഖരം, കൊടിത്തോട്- കന്നതോട്, പുരുഷാക്കരി പാടശേഖരം, ചങ്ങരം അറുപതേക്കർ വടക്കേ ബ്ലോക്ക് എന്നിവിടങ്ങളിലെ മത്സ്യാദായം, 1-ാം വാർഡിൽ പുറന്തറ ഭാഗത്തുള്ള തോട്ടിൽ നിന്നും പടങ്ങിട്ട് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം മുതലായ വിവിധ ഇനങ്ങളിലുള്ള ലേലങ്ങൾക്കായി 10.2.22 ലെ ലേല നോട്ടീസ് പ്രകാരം ലേലം നടത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ നം. ജെ.സി.01/01/2022/19.3.2022 ഉത്തരവ് പ്രകാരം ചങ്ങരം പാടശേഖരം, കൊടിത്തോട്- കന്നതോട് എന്നിവ 67000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചുനല്കി. എന്നാൽ മറ്റു പാടശേഖരങ്ങൾ ലേലത്തിൽ നല്കിയതിന്റെയും ഇതിനൊപ്പം നടത്തിയ മറ്റു ലേലങ്ങളുടെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/10.8.23) ലഭ്യമാക്കിയ മറുപടിയിൽ ജലലഭ്യതയും പാടശേഖരം ഉപയോഗശൂന്യമായതിനാലും മുൻവർഷങ്ങളിൽ ലേലം കൊള്ളുകയോ മത്സ്യകൃഷി നടത്തുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ ആരുംതന്നെ ലേലത്തിൽ പങ്കെടുത്തില്ല എന്നും, മറ്റു ലേലങ്ങളും ആരും ലേലം കൈക്കൊണ്ടിരുന്നില്ലെങ്കിലും ലേല ഇനത്തിൽ പഞ്ചായത്തിന് അധികവരുമാനം ലഭിക്കട്ടെ എന്ന കാരണത്താലാണ് ലേല പരസ്യം നല്കിയതെന്നുമാണ് അറിയിച്ചത്. കൂടാതെ മത്സ്യവളർത്തിന് ആവശ്യമായ ജലലഭ്യത ഇന്നത്തെ സാഹചര്യത്തിൽ മേൽ പാടശേഖരങ്ങൾക്ക് ഇല്ലാത്തതിനാൽ പുനർലേലത്തിനും ഗ്രാമപഞ്ചായത്ത് ശ്രമിച്ചില്ല എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

എന്നാൽ മുൻവർഷങ്ങളിൽ ചങ്ങരം പാടശേഖരം, കൊടിത്തോട് - കന്നതോട് എന്നീ പാടശേഖരങ്ങളിൽ നിന്നു മാത്രം 20000/- അടവാക്കി മത്സ്യം പിടിച്ചിരുന്നത് ലേല നടപടികളിലൂടെ നല്കിയപ്പോൾ തൻവർഷം 67000/- രൂപ ലഭിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനമാർഗ്ഗങ്ങൾ നിലച്ചുപോകാതെ സൂക്ഷിക്കുവാൻ പഞ്ചായത്ത് സത്വരശ്രദ്ധ പുലർത്തേണ്ടതാണ്.

1-13 ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

റേഷൻകടകൾ

ക്ഷീരസംഘങ്ങൾ

കള്ളുഷാപ്പുകൾ

ഓഡിറ്റോറിയങ്ങൾ

ടർഫ് കളിസ്ഥലങ്ങൾ

ഓൺലൈൻ സേവനങ്ങൾ നല്കുന്ന സ്ഥാപനങ്ങൾ

ഹോട്ടലുകൾ

ധനകാര്യ സ്ഥാപനങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-14 മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23 വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ള യന്ത്രശക്തിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന വ്യക്തികളുടെ സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന കുതിരശക്തിക്കനുസൃതമായി മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയതായി കാണുന്നില്ല.

| ലൈസൻസ് രജി. ക്രമ നം./തീയതി | അപേക്ഷ നം. | അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|
| 8 | 97 | രശ്മി. പി.ആർ. | പൊടിമില്ല് |
| 38 | 413 | നസീർ വി.എം. | പേപ്പർ കാർട്ടൺ നിർമ്മാണം |
| 48 | -- | രേഷ്മ.എ.ആർ | സംസ്കരിച്ച മത്സ്യം സൂക്ഷിക്കുന്നത് |
| 70 | 846 | ജാബിർ.കെ.എ. | കോറുഗേറ്റഡ് കാർട്ടൺ ബോക്സ് നിർമ്മാണം |
| 72 | 953 | രാധിക.എ.കെ. | പൊടിമില്ല് |
| 79 | 990 | സജി പി. | തടിമില്ല് |
| 82 | 1187 | കെ.എ.ഷാനവാസ് | സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണം |
| 87 | 1197 | ഷീജ.കെ.ബി. | പൊടിമില്ല് |
| 121 | 1325 | പി.കെ. സുദേവൻ | ,, |
| 140 | 2853 | ഷിമ സുധീർ | ,, |
| 142 | 4199 | സാബു മാനുവൽ | ഐസ് പ്ലാന്റ് |
| 151 | 4651 | ഷാഹിദ, എ.എസ്. എക്സ്പോർട്ട്സ് | പൊറോട്ട നിർമ്മാണം |
| 159 | 4251 | ജസ്റ്റിൻ | ഐസ് പ്ലാന്റ് |
| 165 | 1555 | കേയ ഫുഡ്സ് | സ്റ്റോറേജ് ഓഫ് പാക്ക്ഡ് ഫുഡ് |

| | | | |
|---|---|---|---|
| 171 | 969 | ഉഷാകുമാരി | പൊടിമില്ല് |
| 2.3.22 | 1029 | അമാൽഗം ന്യൂട്രിയന്റ്സ് | സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണം |
| 31.3.22 | 1628 | അക്ബർ ബാദ്ഷ | കോറുഗേറ്റഡ് കാർട്ടൺ ബോക്സ് നിർമ്മാണം |
| 31.3.22 | 1629 | സുനിത ബാദ്ഷ | ,, |
| 30.3.22 | 1548 | പ്രഭാകരൻ& ദിനേശ് | സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണം |
| 14.3.22 | 1219 | ബിനോയ് സിറിയക് | കോറുഗേറ്റഡ് കാർട്ടൺ ബോക്സ് നിർമ്മാണം |
| 18.2.22 | 788 | ത്രേസ്യാക്കുട്ടി പോൾ | ഐസ് പ്ലാന്റ് |
| 10.2.22 | 719 | ജോസഫ് സക്കറിയ | സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണം |
| 8.2.22 | 584 | മുഹമ്മദ് അൻവർ | സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണം |

ലൈസൻസിനുള്ള അപേക്ഷകൾ ക്രമനമ്പർ അടിസ്ഥാനത്തിൽ സൂക്ഷിക്കാത്തതിനാൽ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന കുതിരശക്തി എത്രയെന്ന് പരിശോധിക്കാൻ സാധിച്ചില്ല. എന്നാൽ മേൽ സ്ഥാപനങ്ങളിൽ പലതും സമുദ്രോൽപ്പന്ന സംസ്കരണ ശാലകൾ, കോൾഡ് സ്റ്റോറേജ് തുടങ്ങിയ വലിയ യന്ത്രശക്തി ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം- 3(2) പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതും വാർഷികമായി പുതുക്കേണ്ടതുമാണ്. എന്നാൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേൽ വിഭാഗത്തിൽപ്പെട്ട ലാബുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, ആയുർവേദ ആശുപത്രികൾ മുതലായവ രജിസ്ട്രേഷൻ എടുക്കുന്നതായി കാണുന്നില്ല. (ഉദാ :- ലൈസൻസ് അപേക്ഷാ നം. 220, 406) (കെട്ടിട നം.14/292, 15/292).

1-16 വാടക രജിസ്റ്റർ - അപാകതകൾ

കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്ററിൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയതിന്റെ പൂർണ്ണവിവരങ്ങൾ ചേർത്തിട്ടില്ല. പല വാടകക്കാരിൽ നിന്നും തുക പൂർണ്ണമായും പിരിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ രജിസ്റ്ററിൽ എഴുതിയിട്ടുള്ള ഡി.സി.ബി. പ്രകാരം ഡിമാന്റ് തുക പൂർണ്ണമായും ഈടാക്കിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പല കടമുറികളുടെയും വാടക കുടിശ്ശികയായാണ് കാണുന്നത്. രജിസ്റ്ററിൽ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ളവരുടെ പേരും മേൽവിലാസവും മാത്രമാണുള്ളത്. ഏത് കടമുറി, കടമുറി നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാടക ലഭ്യമായതിന്റെ രസീത് നമ്പരുകൾ ചില വാടകക്കാരുടെ പേരിലുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടവാക്കിയ തുക, എത്ര മാസത്തെ കുടിശ്ശിക തുടങ്ങിയ വിവരങ്ങൾ ഇല്ല. ഫെഡറൽ ബാങ്കിനു നല്കിയിട്ടുള്ള കടമുറികളുടെ 11 മാസത്തെ വാടക ലഭ്യമായ വിവരം മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. കടമുറികൾ പലതും ജീർണ്ണാവസ്ഥയിലാണെന്ന് കാണിച്ച്

വാടകയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച അപേക്ഷയോ കമ്മിറ്റി തീരുമാനമോ ഇല്ല. ചില വാടകക്കാരുടെ മുൻവർഷത്തെ വാടക കുടിശ്ശികയുള്ളതായും ചിലതൊക്കെ അടച്ചതായും കാണുന്നുണ്ടെങ്കിലും രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ആയതിന്റെ കൃത്യത വ്യക്തമല്ല.

മുൻമാസങ്ങളിലെ തുക ഈടാക്കാതെ പിന്നീടുള്ള മാസങ്ങളിലെ വാടക ഈടാക്കിയതായി കാണുന്നു. ഉദാ:- പങ്കജാക്ഷൻ, പൊഴിയിൽ

രജിസ്റ്റർ പ്രകാരം വാടകയോടൊപ്പം ജി.എസ്.ടി., പിഴപ്പലിശ എന്നിവ ഈടാക്കുന്നില്ല. ഉദാ :- റ്റി.കെ. കരുണാകരൻ (തോട്ടുമുഖപ്പിൽ), ചന്ദ്രബാബു (ശിവഭവനം).

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/10.8.23) മറുപടി ലഭ്യമാക്കിയില്ല. വാടക മുഴുവൻ ഈടാക്കിയും രജിസ്റ്റർ പൂർണ്ണമാക്കിയും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-17 സ്കോളർഷിപ്പ് വിതരണം - അർഹമായതിലും അധികം തുക നൽകി

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 30/23)

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക – 17,00,000/-

ചെലവ് - 13,13,200/-

ബിൽ നം - 44/16.8.2022 – 4,41,750/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം - 45/16.8.2022 – 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം - 61/12.9.2022 – 74050/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം - 88/26.9.2022 – 71,250/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം - 112/16.10.2022 – 1,71,550/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നം - 394/13.3.2022 – 3,54,600/- (വികസന ഫണ്ട് പൊതുവിഭാഗം)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ബിൽ ബുക്ക് പ്രകാരം തൻവർഷം 1313200/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 40 കുട്ടികൾക്കായി 11,40,000/- രൂപയും ശാരീരികവെല്ലുവിളി നേരിടുന്ന 16 കുട്ടികൾക്ക് 1,73,200/- രൂപയുമാണ് വിതരണം നടത്തിയിട്ടുള്ളത്. ബിൽ കോപ്പി, തുകയുടെ വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ അപേക്ഷ എന്നിവ പരിശോധിച്ചതിൽ, ശാരീരികവെല്ലുവിളി നേരിടുന്ന കുട്ടികളിൽ ചിലർക്ക് അവർക്ക് അർഹതപ്പെട്ടതിലധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കുട്ടിയുടെ പേര്, പഠിക്കുന്ന ക്ലാസ് | അർഹമായ തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 01 | ജോസ്മി ജിഫിയ, പ്ലസ് ടു | 8000 | 12000 | 4000 |
| 02 | പ്രണവ് രമേശ്, പത്താം ക്ലാസ് | 8000 | 12000 | 4000 |

| | | | | |
|---|---|---|---|---|
| 03 | അശ്വിൻ,<br>ബി ടെക് | 13000 | 19500 | 6500 |
| 04 | അമീർ സി.എസ്,<br>പ്ലസ് ടു | 8000 | 12000 | 4000 |
| 05 | ശിവ രാജേഷ്,<br>എട്ടാം ക്ലാസ് | 6600 | 9900 | 3300 |
| 06 | സൂരജ് സി.എസ്,<br>എട്ടാം ക്ലാസ് | 6600 | 9900 | 3300 |
| 07 | ആദിത്യൻ ബി,<br>പത്താം ക്ലാസ് | 8000 | 12000 | 4000 |
| 08 | വന്യ,<br>പ്ലസ് വൺ | 8000 | 12000 | 4000 |
| | ആകെ തുക | | | 33100/- |

വികസന ഫണ്ടിൽ നിന്നും കൂടുതലായി പിൻവലിച്ച 33100/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുകയോ അല്ലാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/10.8.23) മറുപടി ലഭ്യമാക്കിയില്ല.

1-18 വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം-അധികമായി നൽകിയ 9437/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം

അടങ്കൽ - 750000 /- (വികസനഫണ്ട് )

ചെലവ് - 647732 /- രൂപ

ബിൽ നമ്പർ - 17/2022-23/24.03.2023

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പദ്ധതി പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14 വനിതകൾക്ക് അവരുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായകരമാകുകയെന്ന ലക്ഷ്യം മുൻനിർത്തി ഇരുചക്രവാഹനം വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ 647732/ - *രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നം. 115/2022/എൽ എസ് ജി ഡി തീയതി: 28.05.2022) ഖണ്ഡിക 6.5.2 -ൽ വാഹനങ്ങളുടെ ജി എസ് ടി ഉൾപ്പെടെയുള്ള എക്സ്ഷോറൂം വിലയുടെ 50% (പരമാവധി 50000/-*രൂപ) സബ്സിഡി ഇനത്തിൽ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ശ്രീമതി ദിവ്യ, കൃഷ്ണഭവൻ, കോടംതുരുത്ത് എന്ന ഗുണഭോക്താവ് വാങ്ങിയിട്ടുള്ള ഹോണ്ട ആക്ടിവ സ്കൂട്ടറിന് വിതരണക്കാരായ ഇവിഎം ഓട്ടോ മൊബൈൽസ്, വൈറ്റില എന്ന സ്ഥാപനം 16.03.2023-ൽ നൽകിയ ഇൻവോയ്സ് പ്രകാരം എക്സ്ഷോറൂം വില 81127/- രൂപയാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നതു പ്രകാരം 40564/- രൂപയാണ് സബ്സിഡി ഇനത്തിൽ നൽകാൻ കഴിയുന്നത്. എന്നാൽ മേൽ നമ്പർ

ബിൽ പ്രകാരം പ്രസ്തുത വിതരണക്കാരുടെ അക്കൗണ്ടിലേയ്ക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/10.08.2023) നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ, വാഹന വിതരണക്കാർ നൽകിയിട്ടുള്ള ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള എക്സ്ഷോറൂം വില തെറ്റായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അധിക തുക നൽകാനിടയായിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. ഇങ്ങനെ നൽകിയ അധിക തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 9437/-രൂപ അടിയന്തിരമായി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-19 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിതരണം ചെയ്യാത്ത കട്ടിലുകളുടെ വില നിരാകരിക്കുന്നു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി - പ്രോ.നം 112/23) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 254953/- രൂപ ചെലവഴിച്ച് ARTCO-യിൽ നിന്നും 61 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. കട്ടിലിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ കട്ടിലുകളിൽ 59 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ശേഷിക്കുന്ന രണ്ടെണ്ണം നിലവിലും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. രണ്ട് കട്ടിലുകൾ വിതരണം നടത്തുവാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/10.8.23) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാത്ത കട്ടിലുകളുടെ വിലയായ 8360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എസ്.സി. വിഭാഗത്തിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഇവ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് വിവരം -

ബിൽ നം. 24/28.3.2023 - 254953/- രൂപ

### 1-20 വൃക്ഷത്തൈ നടീൽ - സർഫസ് ഡ്രസിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തതുവഴി അധികച്ചെലവിന് ഇടയാക്കി

തൻവർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ള വിവിധ വാർഡുകളിലെ വൃക്ഷത്തൈ നടീൽ പ്രവർത്തികളുടെ ഒന്നാം ഇനം “Surface Dressing And Land Levelling Of The Ground Including Removing Vegitation And Undulations Not Exceeding 0.15m Deep And Disposal Of Rubbish, Lead Upto 50m And Lift Upto 1.5m" എന്നതാണ്. ഒരു വൃക്ഷത്തൈ നടുന്നതിന് ടിയിനം ഒരു ച.മീ (1mx1m) ചെയ്താൽ മതി. പല പ്രവർത്തികളിലും ഇപ്രകാരമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ചില പ്രവർത്തികളിൽ ഇത് 2.5mx2.5m = 6.25m$^2$ അളവിലും മറ്റ് ചില പ്രവർത്തികളിൽ 3mx3m = 9m$^2$ അളവിലും ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നടപ്പാക്കിയതായി കാണുന്നു. ഇതുമൂലം 300 വൃക്ഷത്തൈകൾ നടുന്നതിന് 300m$^2$ നിലമൊരുക്കൽ പ്രവർത്തി നടത്തേണ്ടതിന് പകരം യഥാക്രമം 1875m$^2$ (300x6.25), 2700m$^2$ (300x9) എന്നിങ്ങനെ കൂടുതൽ വിസ്തീർണ്ണത്തിൽ നിലമൊരുക്കൽ നടത്തി തൊഴിൽ ദിനങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെടുകയും മസ്റ്റർ റോൾ പ്രകാരം കൂടുതൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൃക്ഷത്തൈകളുടെ എണ്ണം | എം.ബുക്ക് പ്രകാരം | അനുവദിച്ച തുക @ | അനുവദിക്കാവുന്ന തുക @ 31.193/m$^2$ | അധികം ചെലവഴിച്ച |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പ്രവർത്തി മൂല്യം | 31.193/$m^2$ | | തുക |
| വാർഡ് 13ലെ വൃക്ഷത്തൈ നടീൽ DP/338134 | 300 | 300x3x3= 2700$m^2$ | 84221 | 300m2x31.193= 9358 | 74863 |
| വാർഡ് 12ലെ വൃക്ഷത്തൈ നടീൽ DP/338133 | 190 | 190x3x3= 1710 | 53340 | 190m2x31.913= 5927 | 47413 |
| പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വാർഡ് 6ലെ വൃക്ഷത്തൈ നടീൽ DP/329227 | 300 | 300x2.5x2.5 = 1875$m^2$ | 58487 | 300$m^2$x31.193 = 9358 | 49129 |
| പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വാർഡ് 8ലെ വൃക്ഷത്തൈ നടീൽ DP/329232 | 300 | 300x2.5x2.5 = 1875$m^2$ | 58487 | 300$m^2$x31.193 = 9358 | 49129 |
| ആകെ | | | | | 220534 |

ഒരു വൃക്ഷത്തൈ നടുന്നതിന് ഒരു മീറ്റർ നീളത്തിലും വീതിയിലും (ഒരു ച.മീ) സ്ഥലം നിലമൊരുക്കിയാൽ മതിയെന്നിരിക്കെ ഇത്തരത്തിൽ തെറ്റായ ഇനം നൽകി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതുമൂലം മേൽ പരാമർശിച്ച പ്രവർത്തികൾക്ക് മാത്രമായി 220534/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. നിലവിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഒരു മീറ്റർ നീളത്തിലും വീതിയിലുമാണ് സർഫസ് ഡ്രസിംഗ് നടത്തുന്നതെന്നും ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകത മേലിൽ ആവർത്തിക്കുകയില്ലെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/10.8.23) മറുപടി നൽകിയത്. ഓരോ പ്രവൃത്തിയ്ക്കും ബാധകമായ കൃത്യമായ ഇനങ്ങൾ ഉൾപ്പെടുത്തി ശരിയായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും സർക്കാർ ഫണ്ടിന് അധികച്ചെലവ് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 MGNREGS - എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക വേതനമായി ചെലവഴിച്ചു

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ദുർബല വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ പുരയിടങ്ങളിൽ കറിവേപ്പ്, പേര, ചാമ്പ മുതലായ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രവൃത്തിയാണ് വൃക്ഷത്തൈ നടീൽ. പദ്ധതി പ്രകാരം ഒരു വൃക്ഷത്തൈ നടുന്നതിന് ഒരു മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും സർഫസ് ഡ്രസിംഗ് നടത്തി നിലം ഒരുക്കുകയും അവിടെ 0.45 മീറ്റർ നീളത്തിലും വീതിയിലും ആഴത്തിലും കുഴിയെടുത്ത് അതിൽ ചാണകവും എല്ലുപൊടിയും വിതറിയതിന് ശേഷം തൈകൾ നടുകയും നാലുവശവും ഒരു മീറ്റർ സമചതുരത്തിൽ വേലികെട്ടി സംരക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ രണ്ട് വർഷം ഇവ നനച്ച് പരിപാലിക്കുകയും ചെയ്യേണ്ടതാണ്. പ്രവർത്തിയുടെ അംഗീകൃത എസ്റ്റിമേറ്റ്, അളവ് പുസ്തകം, എന്നിവ പരിശോധിച്ചതിൽ, പല പദ്ധതികളും ഭാഗികമായി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ചെയ്ത പ്രവൃത്തിയേക്കാൾ കൂടുതൽ തുക മസ്റ്റർ റോൾ പ്രകാരം വേതനമായി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) വാർഡ് 3 ലെ വൃക്ഷത്തൈ നടീൽ DP/-

| ക്രമ നം. | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 01 | Surface Dressing And Levelling Of The Ground Including Removing Vegitation Etc | 2430m2 | 31.193/sqm | 75799 |
| 02 | Earth Work Excavation By Manual Means In Trenches, Plantations Pits Etc | 17.318m3 | 213.918/cum | 3705 |
| 03 | Planting, Mulching For New Tree Samplings | 190 Nos | 1.555/each | 295 |
| 04 | Bio Fencing By Preparation Of Plant Cuttings Of Length 1.5m | 760m | 53.134/m | 40382 |
| 05 | Watering | 44days | 311/day | 13684 |
| | എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം | | | 133865 |
| | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തുക | | | 199040 |
| | അധികം ചെലവഴിച്ചത് | | | 65175 |

2) വാർഡ് 12 ൽ വൃക്ഷത്തൈ നടീൽ

| ക്രമ നം. | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 01 | Surface Dressing And Levelling Of The Ground Including Removing Vegitation Etc | 1710m2 | 31.193/sqm | 53340 |
| 02 | Earth Work Excavation By Manual Means In Trenches, Plantations Pits Etc | 17.27m3 | 213.918/cum | 3694 |
| 03 | Planting, Mulching For New Tree Samplings | 190 Nos | 1.555/each | 295 |
| 04 | Bio Fencing By Preparation Of Plant Cuttings Of Length 1.5m | 760m | 53.134/m | 40382 |
| 05 | Watering | -- | -- | -- |
| | എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം | | | 97711 |
| | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തുക | | | 255953/- |

| | | | | |
|---|---|---|---|---|
| | അധികം ചെലവഴിച്ചത് | | | 158242 |

3) വാർഡ് 13 ലെ വൃക്ഷത്തൈ നടീൽ

| ക്രമ നം. | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 01 | Surface Dressing And Levelling Of The Ground Including Removing Vegitation Etc | 2700m2 | 31.193/sqm | 84221 |
| 02 | Earth Work Excavation By Manual Means In Trenches, Plantations Pits Etc | 27.35m3 | 213.918/cum | 27.35= 5851 |
| 03 | Planting, Mulching For New Tree Samplings | 300 Nos | 1.555/each | 467 |
| 04 | Bio Fencing By Preparation Of Plant Cuttings Of Length 1.5m | 1200m | 53.134/m | 63761 |
| 05 | Watering | -- | -- | -- |
| | എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം | | | 154300 |
| | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തുക | | | 267771 |
| | അധികം ചെലവഴിച്ചത് | | | 113471 |

എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരം പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളതാണെന്നും ചെയ്ത പ്രവൃത്തികളുടെ വിവരം ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുമ്പ് എം ബുക്കിൽ രേഖപ്പെടുത്തിയാൽ മതിയെന്ന ധാരണ മൂലമാണ് എം ബുക്കിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നത് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/10.8.23) മറുപടി നൽകിയത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി സൈറ്റിൽ എപ്രകാരം നടപ്പാക്കിയെന്നുള്ളതിന്റെ ആധികാരിക രേഖയാണ് എം ബുക്കിലെ രേഖപ്പെടുത്തലുകൾ. അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തൊഴിൽ ദിനങ്ങൾ കണക്കാക്കി വേതനം അനുവദിക്കാവൂ എന്നിരിക്കെ മേൽ പരാമർശിച്ച പ്രകാരം എം ബുക്കിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യത്യസ്തമായി മസ്റ്റർ റോളുകൾ പ്രകാരം കൂടുതൽ വേതനം ഇനത്തിൽ നൽകിയത് ശരിയായ നടപടിയില്ല. സൈറ്റിൽ ചെയ്ത പ്രവർത്തികളുടെ കൃത്യമായ വിവരം എം ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നുണ്ടെന്നും അത് പ്രകാരമുള്ള വേതനമാണ് മസ്റ്റർ റോൾ പ്രകാരം അനുവദിച്ചിട്ടുള്ളതെന്നും ഉറപ്പാക്കുന്നതിന് ആവശ്യമായ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

1-22 അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം വാർഡ് 15 – എക്സ്കവേറ്റ് ചെയ്ത മണ്ണ് നിലവിലുള്ളപ്പോൾ ഗ്രാവൽ ഫില്ലിംഗിന് തുക അനുവദിച്ചു

അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം (പ്രോജക്ട് നം. S0038/23) എന്ന പ്രവൃത്തിയുടെ എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം ഉറവൂർ എഴുപുന്ന റോഡിൽ അയ്യനാട്ട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറേക്ക് പോകുന്ന 121 മീറ്റർ നീളം 1 മീറ്റർ വീതിയുള്ള (ചെയിനേജ് 0.00 To 121.00) ടൈൽ ഇട്ട നടവഴിയുടെ ഒരു സൈഡിൽക്കൂടി കാന നിർമ്മിച്ച് വെള്ളം തോട്ടിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള സൌകര്യമൊരുക്കുകയാണ് ഈ പുതിയ നിർമ്മാണപ്രവൃത്തിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

വികസനഫണ്ടിൽ (എസ് സി പി) നിന്നും 700000/-രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 244879/- രൂപയും ഉൾപ്പെടെ ആകെ 944879/- രൂപയാണ് പ്രവൃത്തിക്കായി വകയിരുത്തിയിട്ടുള്ളത്. അളവുപുസ്തകം (നം. 49/KDM/21-22 പേജ് 2) പ്രകാരം പ്രവൃത്തിയുടെ ഇനം 1 ആയി 122.30 മീറ്റർ നീളത്തിൽ എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 68.79 $M^3$ മണ്ണ് ലഭിച്ചിട്ടുണ്ട്. ഈ മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഇനം 8 ആയി കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് പേജ് 14, 15 പ്രകാരം 19.256 $M^3$ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് 68.79 $M^3$ ഉള്ളപ്പോൾ കരാറുകാരന് 5990/- രൂപ (9.6$m^3$@325.93 + 9.656$m^3$@296.30) നൽകിയത് ക്രമപ്രകാരമല്ല. ഇതുമൂലം 6709/- രൂപ (5990+12% GST)കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഇടാക്കേണ്ടതാണ്. കുഴിച്ചെടുത്തതിൽ അവശേഷിക്കുന്ന 49.53 $M^3$ (68.79-19.26) മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

കരാറുകാരൻ : അരവിന്ദ്, ഭാസ്കരാലയം, പട്ടണക്കാട്

ചെലവ് :

700000/- ബിൽ നം. 2/06.08.2022

205401/- Sanction Order No.37/02.08.2022

## 1-23 നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ഈടാക്കേണ്ട ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി. പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/ 2015/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതുമാണ്.

| ക്രമ നം. | പ്രോജക്ടിന്റെ നം, പേര് | കരാറുകാരൻ പി എ സി | സൈറ്റ് കൈമാറിയ തീയതി, കാലയളവ് | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ട ഫൈൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ഇല്ലിക്കൽ കാന നിർമ്മാണം വാർഡ് 14 (S0039/2023) | ശ്രീ.അരവിന്ദ് എൻ എ 254954 | 08.11.2021 6 മാസം | 07.05 2022 | 14.12.2022 | 08.05.2022-07.08.2022 254954x1%= 2549/- 08.08.22- 07.11.2022 = 254954x2% = 5099/- 08.11.2022-14.12.2022= 254954x2%x37/90 = 2096/- | 2207/- | 7537/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | ആകെ 9744/- | | |
| 2 | ചക്കാലച്ചിറ – IHRDP റോഡ് നിർമ്മാണം വാർഡ് 4 (S0036/23) | ശ്രീ.അരവിന്ദ് എൻ എ 588504.76 | 08.11.2021 6 മാസം | 07.05 2022 | 28.12.2022 | 08.05.2022-07.08.2022 588504x1%= 5885/- 08.08.22- 07.11.2022 = 588504x2% = 11770/- 08.11.2022-28.12.2022= 588504x2%x51/90 = 6670 ആകെ 24325/- | 3662 | 20663 |
| 3 | അയ്യനാട്ട് ഫുട്ട്പാത്ത് കാന നിർമ്മാണം വാർഡ് 15 (S0036/23) | ശ്രീ.അരവിന്ദ് എൻ എ 843641.70 | 08.11.2021 6 മാസം | 07.05 2022 | 10.06.2022 | 843641x1%x34/90 = 3093 | --- | 3187 |
| | ആകെ | | | | | | | 31387 |

ക്രമ നം. 1 ഇല്ലിക്കൽ കാന നിർമ്മാണം വാർഡ് 14 (S0039/2023) എന്ന പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി 31.12.2022 വരെ ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. സ്ഥല ഉടമയുമായി ചെറിയ തർക്കം വരുകയും തുടർന്ന് പഞ്ചായത്ത് പ്രസിഡന്റിന്റേയും മെമ്പറിന്റേയും നേതൃത്വത്തിൽ പ്രശ്നം പറഞ്ഞുതീർക്കുകയും ചെയ്തതാണ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽക്കാരണം ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ 220/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്

ക്രമ നം.2 ചക്കാലച്ചിറ – IHRDP റോഡ് നിർമ്മാണം വാർഡ് 4 എന്ന പ്രവൃത്തിയിൽ 31.12.2022 വരെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ 3662/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.

ക്രമ നം.3 അയ്യനാട്ട് ഫുട്ട്പാത്ത് കാന നിർമ്മാണം വാർഡ് 15 എന്ന പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി 30.06.2022 വരെ ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. വർക്ക് ചെയ്യുന്ന സ്ഥലത്തെ ഇലക്ട്രിക് പോസ്റ്റും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പും മാറ്റി സ്ഥാപിക്കാൻ വന്ന കാലതാമസവും മഴയും കാരണമാണ് വർക്ക് തുടങ്ങാൻ താമസിച്ചത് എന്നാണ് അപേക്ഷ നൽകിയിട്ടുള്ളത്. അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത് "മേൽ കാരണങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഫൈനിൽ നിന്നും ഒഴിവാക്കി ബിൽ സമർപ്പിക്കുന്നു" എന്നാണ്. ഇതിൽ നിന്നും ബിൽ സമർപ്പിക്കുന്ന സമയത്താണ് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയതെന്ന് വ്യക്തമാണ്.

കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട്

വേണ്ടിവരുന്ന ഒരോ മൂന്നുമാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ. ക്രമ നം.1, 2 പ്രവൃത്തികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തീരുമാനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ക്രമ നം.3 കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലാത്തതിനാലും പ്രസ്തുത മൂന്ന് പ്രവൃത്തികളിലും ഫൈൻ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാന മെടുത്തിട്ടില്ലാത്തതിനാലും കരാറിലെ വ്യവസ്ഥ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്. പ്രസ്തുത മൂന്നു പ്രവൃത്തികളും ഒരേ ദിവസം ആരംഭിച്ചതും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ തീർക്കാൻ കഴിയാത്തതിന് കാരണമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/10.08.2023) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിലുള്ള നഷ്ടം 31387/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/10.08.2023) മറുപടി ലഭ്യമാക്കിയില്ല)

## 1-24 കണക്ഷൻ വിച്ഛേദിക്കുന്നതിനായി തുക അടവാക്കിയിട്ടും വാട്ടർ അതോറിറ്റി മുഴുവൻ ടാപ്പുകളുടെയും ബില്ലുകൾ നല്കിവരുന്നു.

ഗ്രാമപഞ്ചായത്തിലെ ഉപയോഗിക്കാത്ത പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള 300 ടാപ്പുകളിൽ 280 എണ്ണത്തിന്റെയും കണക്ഷൻ വിച്ഛേദിക്കുന്നതിനായി വൗച്ചർ നം.770/05.12.22.22, ചെക്ക് നം. 056331 പ്രകാരം 108729/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും തുടർന്നും 300 ടാപ്പുകളുടെ പഴയ നിരക്കായ 144700/- രൂപയുടെ ബിൽ ലഭ്യമാക്കുകയും വൗച്ചർ നം.899/12.01.23, ചെക്ക് നം. 2973799 പ്രകാരം തുക അടവാക്കുകയും ചെയ്തു. തുടർന്നും സർക്കാർ ഉത്തരവനുസരിച്ച് വർദ്ധിപ്പിച്ച നിരക്കിലുള്ള പലിശസഹിതമുള്ള ബില്ലുകൾ വാട്ടർ അതോറിറ്റി നല്കിവരുകയാണ് ചെയ്യുന്നത്. എന്നാൽ 02/2023 മുതൽ ഗ്രാമപഞ്ചായത്ത് പണം അടവാക്കിയിട്ടില്ല. ഇപ്രകാരം ബില്ലുകൾ വരുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളും നിലവിലുള്ള 20 കണക്ഷനുകൾക്ക് മാത്രം തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/7.8.23) 17.05.23, 22.06.23 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ഉപയോഗിക്കാത്ത ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ച മാസം മുതൽ ആയതിന്റെ ബില്ലുകൾ അടവാക്കില്ല എന്ന വിവരം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കി അറിയിച്ചിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. കണക്ഷനുകൾ വിച്ഛേദിച്ചതനുസരിച്ച് ബിൽ തുക ക്രമീകരിച്ച് അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് - വിതരണം അപൂർണ്ണം

കോടംതുരുത്ത് പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വനിതകൾക്ക് മെൻസ്ട്രൽ കപ്പ് എന്ന പ്രോജക്ട് (പ്രോ.നം 177/23) പ്രകാരം ആലപ്പുഴ ജില്ലാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള ചന്ദനക്കാവ് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് മെൻസ്ട്രൽ കപ്പ് വാങ്ങിയിട്ടുള്ളത്. ഒരെണ്ണത്തിന് 300/-രൂപ നിരക്കിൽ 2300 എണ്ണം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 6,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ടെണ്ടർ കൂടാതെ മെൻസ്ട്രൽ കപ്പ് വാങ്ങി.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 17/08/2022ലെ ഡി.എ 1/278/2022/ത.സ്വ.ഭ.വ സർക്കുലർ അനുസരിച്ച് പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റെക്സ് ലിമിറ്റഡ്, വനിതാ ശിശു വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുവാനാണ് സർക്കാർ അനുമതി

നൽകിയിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കി നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മെൻസ്ട്രൽ കപ്പ് വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്.

2) മെൻസ്ട്രൽ കപ്പ് പൂർണ്ണമായി വിതരണം നടത്തിയില്ല.

വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം നടത്തുന്നതിനായി ആശാ വർക്കർമാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. വാങ്ങിയ 2300 എണ്ണം മെൻസ്ട്രൽ കപ്പ് സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും 1848 എണ്ണം മാത്രമാണ് വാർഡ് തലത്തിൽ വിതരണം ചെയ്യുന്നതിനായി JHI/JPHN മുഖേന ആശാ വർക്കർമാർക്ക് നൽകിയിട്ടുള്ളത്. ബാക്കിയുള്ളത് പി.എച്ച്.സിയിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | വിതരണത്തിന് നൽകിയത് | വിതരണം നടത്തിയത് | ശേഷിക്കുന്നത് |
|---|---|---|---|
| I | 145 | 133 | 12 |
| II | 150 | 127 | 23 |
| III | 177 | 30 | 147 |
| IV | 160 | 54 | 106 |
| V | 112 | 98 | 14 |
| VI | 151 | 135 | 16 |
| VII | 117 | 99 | 18 |
| VIII | 82 | 77 | 05 |
| IX | 93 | 83 | 10 |
| X | 39 | 28 | 11 |
| XI | 103 | 60 | 43 |
| XII | 139 | 26 | 113 |
| XIII | 106 | 32 | 74 |
| XIV | 127 | 68 | 59 |
| XV | 147 | 26 | 121 |
| ആകെ | 1848 | 1076 | 772 |

നാളിതുവരെ വിതരണം നടത്താത്ത 1224 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 3,67,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം പൂർത്തിയാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/10.8.23) മറുപടി നൽകിയത്. വാങ്ങിയ മെൻസ്ട്രൽ കപ്പുകൾ പൂർണ്ണമായി വിതരണം നടത്തി വാർഡ് അടിസ്ഥാനത്തിലുള്ള വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 07/13.2.23 – 6,90,000/-

## 1-26 ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി, ലാബ് പ്രവർത്തനം തുടങ്ങിയില്ല

കോടംതുരുത്ത് പി.എച്ച്.സിയിൽ പുതിയതായി ആരംഭിക്കുന്ന ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നും വാങ്ങുന്നതിനായി "കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്ട് നം. 168/23)" എന്ന

പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 263374/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ കൊടുക്കുന്നു.

A) മുൻകൂറായി തുക ചെലവഴിച്ചു.

Agappe Diagnostic, Ernakulam എന്ന സ്ഥാപനത്തിൽ നിന്നും Automated Specific Protein Analyzer, Semi Automated Clinical Chemistry Analyzer എന്നിവ വാങ്ങുന്നതിനായി 89680/- രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും 24.3.2023 ൽ മുൻകൂറായി പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സ് പ്രകാരം 28.6.2023 ൽ മാത്രമാണ് മേൽ ലാബ് ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് മുമ്പ് തുക നൽകിയത് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

B) ക്വട്ടേഷൻ കൂടാതെ റെഫ്രിജറേറ്റർ വാങ്ങി.

ലാബിലെ ഉപയോഗത്തിനായി 21760/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും റെഫ്രിജറേറ്റർ വാങ്ങിയിട്ടുണ്ട്. സിഡ്കോ ഉല്പാദിപ്പിക്കുന്ന ഫർണീച്ചർ മുതലായവയാണ് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുവാൻ സർക്കാർ അനുമതിയുള്ളത്. ഭാവിയിൽ ഇത്തരം സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് മാത്രമേ വാങ്ങൽ നടത്താൻ പാടുള്ളൂ.

C) ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ലാബ് പ്രവർത്തനസജ്ജമാക്കുവാൻ കഴിഞ്ഞിട്ടില്ല. എത്രയുംവേഗം ലാബ് പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിയത് നന്നാക്കുന്നതിന് കരാറുകാരന് വേതനം നല്കുന്നു

1. വൗച്ചർ നം. 118/13.5.22, ചെക്ക് നം. 052643, 7354/-രൂപ - 15-ാം വാർഡിലെ കാനനിർമ്മാണവുമായി ബന്ധപ്പെട്ട് JCB ഉപയോഗിച്ചപ്പോൾ ജപ്പാൻ കുടിവെള്ള പൈപ്പുകൾ പൊട്ടിയത് നന്നാക്കുന്നതിന് ശ്രീ.എസ്. സുരേഷ് എന്നയാൾക്ക് 11.4.22 ലെ 3/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം സാധനവില ഉൾപ്പെടെ 7354/- നല്കി.

2. വൗച്ചർ നം.650/2.11.22, ചെക്ക് നം. 055373, 7533/-രൂപ വാർഡ് 14 ൽ തയ്യിൽ തോട് ആഴം കൂട്ടൽ എന്ന പദ്ധതിയിൽ ചൊക്കാണ്ടി പാലത്തിനു തെക്കുഭാഗത്ത് വീടുകളിലെ പൈപ്പുകൾ പൊട്ടുകയും ആയത് നന്നാക്കിയതിനായി മെമ്പർ ശ്രീമതി ഗീത ഉണ്ണിയുടെ ലെറ്റർ ഹെഡിലുള്ള കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും (24.08.2022 ലെ 20/1 നം. തീരുമാനം) ജൂനിയർ സൂപ്രണ്ടിന്റെ 02.11.2022 ലെ 400400/GARC11/GPO/2022/2022/3089 നടപടിക്രമ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. ഈ തീരുമാനത്തിന് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ പ്രവൃത്തികൾ ചെയ്തപ്പോഴുണ്ടായ കേടുപാടുകൾക്കും ആയതിന്റെ അറ്റകുറ്റപ്പണികളും കരാറുകാരന്റെ ബാധ്യതയാണ്. ആയതിന് പഞ്ചായത്ത് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/07.08.23) പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളാണ് ഹാജരാക്കിയത്. കരാർ പ്രവൃത്തികളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കരാറുകാരനാണ് ബാധ്യത എന്നിരിക്കെ പഞ്ചായത്ത് കമ്മിറ്റി തുക നല്കാൻ തീരുമാനിച്ചത് ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 പഞ്ചായത്തിന്റെ അനുമതിയോ കമ്മിറ്റി തീരുമാനമോ ഇല്ലാത്ത പ്രവൃത്തിക്ക് തുക നല്കി

വൗച്ചർ നം.622/26.10.22, ചെക്ക് നം. 055362, 14664/- രൂപ - വാർഡ് 3 ൽ 11.3.22 ൽ പഴയ വാട്ടർ

ടാങ്കിന് വടക്ക് കിഴക്ക് കൃഷി ആവശ്യത്തിനായി പാടത്തെ വെള്ളം പോകുന്നതിന് വേണ്ടി പഞ്ചായത്ത് റോഡ് മുറിച്ച് JCB ഉപയോഗിച്ച് കുഴലിട്ടപ്പോൾ വാട്ടർ അതോറിറ്റിയുടെ രണ്ട് പൈപ്പുകൾ പൊട്ടിയതിന്റെ അറ്റകുറ്റപ്പണികൾക്കായി ചെലവായ തുക 14664/- രൂപ കേരള വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് നിർദ്ദേശം നല്കി എന്ന വാർഡ് മെമ്പർ അരുൺജിത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ടിന്റെ 26.10.2022 ലെ 400400/GARC11/GPO/2022/196 നടപടിക്രമം പ്രകാരം അനുവദിച്ച് നല്കി. ഈ പ്രവർത്തിയ്ക്കായി പഞ്ചായത്ത് റോഡ് മുറിച്ച് പൈപ്പ് ഇടുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി നല്കിയിട്ടുണ്ടോ, മേൽ വർക്കിന് പഞ്ചായത്ത് അസി. എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഇതു സംബന്ധിച്ച 07.07.2022 ലെ 32/1-ാം നമ്പർ കമ്മിറ്റി തീരുമാനം ലഭ്യമാക്കി. ആയതിൽ കൃഷിനാശം ഒഴിവാക്കുന്നതിനായി അടിയന്തിരമായി ഏറ്റെടുക്കേണ്ടിവന്ന പ്രവർത്തിയായ തിനാലാണ് തുക അനുവദിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുക അനുവദിച്ചിട്ടുള്ളത് പ്രവൃത്തി നടത്തിയപ്പോൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിയത് നന്നാക്കുന്നതിനുള്ള ചെലവാണ്. പ്രവൃത്തികൾ നടത്തുമ്പോൾ മറ്റ് വസ്തുവകകൾക്ക് നാശമുണ്ടാകാതെ ചെയ്യേണ്ടത് കോൺട്രാക്ടറുടെ / പ്രവൃത്തി ചെയ്യിക്കുന്ന ഉത്തരവാദപ്പെട്ടവരുടെ കർത്തവ്യമാണ്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ പഞ്ചായത്ത് ആസ്തിയായ റോഡ് മുറിച്ച് പൈപ്പ് ഇട്ടതും ഈ പ്രവൃത്തി അലക്ഷ്യമായി കൈകാര്യം ചെയ്തതിലൂടെ കുടിവെള്ള പൈപ്പുകൾ പൊട്ടിയത് നന്നാക്കേണ്ടിവന്നതിനുള്ള ചെലവ് പഞ്ചായത്ത് വഹിക്കേണ്ടിവരുന്നതും റോഡുകൾ നിർമ്മിക്കുമ്പോൾ ആവശ്യമായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ഏർപ്പെടുത്താത്തതും ഇപ്രകാരം അധികച്ചെലവിനിടയാക്കുന്നു. അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-29 പഞ്ചായത്ത് വാഹനത്തിന് ഷെഡ് നിർമ്മാണം - അധികച്ചെലവ്

പഞ്ചായത്ത് വാഹനത്തിന് ഷെഡ് നിർമ്മാണം (പ്രോജക്ട് നം. S0047/23) എന്ന പ്രവൃത്തിയിൽ പഞ്ചായത്തിന്റെ വാഹനം പാർക്ക് ചെയ്യുന്നതിനായി ഏകദേശം 220 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ച് ഷെഡ് നിർമ്മിച്ചതിന് വികസനഫണ്ടിൽ നിന്നും 346487/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് മേൽക്കൂര നിർമ്മിക്കുന്നതിന് ആവശ്യമായ തരത്തിൽ ഫൌണ്ടേഷനും ചുവരുകളും നിർമ്മിക്കുകയും പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഫൌണ്ടേഷന് PCC, Random Rubble Masonry, RCC എന്നിവയും Plinth, Lintel, Beam കോൺക്രീറ്റിംഗും ഉൾപ്പെടുത്തി മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിന് അനുയോജ്യമായ രീതിയിൽ ഷെഡിന്റെ അടിത്തറയും ചുവരുകളും നിർമ്മിക്കുക വഴി അനാവശ്യച്ചെലവാണ് ഉണ്ടായിട്ടുള്ളത്. പോളി കാർബണേറ്റ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിന് അനുയോജ്യമായ രീതിയിൽ ഫൌണ്ടേഷനും ചുവരുകളും നിർമ്മിക്കുന്നതിനുള്ള സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം. 24/10.08.2023) മറുപടി ലഭ്യമാക്കിയില്ല. ദീർഘവീക്ഷണമില്ലാതെ, ആവശ്യകതയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുമൂലമാണ് ഇത്തരം അനാവശ്യച്ചെലവ് ഉണ്ടായിട്ടുള്ളത്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട സർക്കാർ ഫണ്ട് ഇപ്രകാരം പാഴാക്കികളയുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് യോജിച്ചതല്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-30 തെരുവു വിളക്കുകളുടെ മെയിന്റനൻസ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

തെരുവു വിളക്കുകളുടെ മെയിന്റനൻസ് (പ്രോജക്ട് നം.S0114/23) എന്ന പ്രോജക്ടിനായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 365000/- രൂപയും തനതുഫണ്ട് 100000/- രൂപയും ഉൾപ്പെടെ 465000/- രൂപ വകയിരുത്തിയിരുന്നു. വികസന ഫണ്ടിൽനിന്നും 310835/-രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. അഖിൽ വിഷ്ണു, ശ്രീവത്സം എന്ന കരാറുകാരനാണ് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ

അപാകതകൾ ചുവടെ ചേർക്കുന്നു.

1. LED ബൾബുകൾ ഇത്ര എണ്ണം നന്നാക്കിയതായുള്ള/മാറ്റി സ്ഥാപിച്ചതായുള്ള പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. സാക്ഷ്യപത്രത്തിൽ പോസ്റ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ പോസ്റ്റുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്ത തിനാൽ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയ തിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

3. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4. പ്രോജക്ടിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും 30.12.2022 ലെ ഇൻവോയ്സ് നം. CHNBC/105/22-23 പ്രകാരം 38042/- രൂപയ്ക്ക് LED സ്ട്രീറ്റ് ലൈറ്റ് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | ചെലവിന്റെ വിശദാംശം |
|---|---|---|
| 20W LED STREET LIGHT | 3 | 38042/-<br>ബിൽ നം.8/03.02.2023(ബിൽ ബുക്ക് നം.2) |
| 40W LED STREET LIGHT | 4 | |
| METER BOX | 2 | |

പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെൻഡർ/ക്വട്ടേഷൻ കൂടാതെ സ്ട്രീറ്റ് ലൈറ്റ് വാങ്ങാമെന്നതിനുള്ള ഉത്തരവ് ഹാജരാക്കിയില്ല. ഈ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ കരാറുകാരന് നൽകുകയോ ചെയ്തിട്ടില്ല. ഉപകരണങ്ങൾ സ്ഥാപിച്ചതായുള്ള രേഖകളും ഹാജരാക്കിയിട്ടില്ല. അതിനാൽ 38042/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5. 2022-23 വർഷത്തേക്ക് ടെൻഡർ ക്ഷണിക്കാതെ മുൻകരാറുകാരനെ പ്രവൃത്തി ഏല്പിക്കാനുള്ള കാരണം വ്യക്തമല്ല.

മേൽ വിഷയത്തിൽ വിശദീകരണം/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/10.08.2023) Nമറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-31 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ / തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 2013 വർഷം മുതലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതെ ഡെപ്പോസിറ്റ് ഹെഡിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | 03/23 വരെയുള്ള നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 02 | Suppliers EMD | 103477 | 11/2014 മുതലുള്ള നിക്ഷേപം |
| 03 | Bidders EMD | 184871 | 03/2014 മുതലുള്ള നിക്ഷേപം |
| 05 | Suppliers SD | 151793 | 12/2014 മുതലുള്ള നിക്ഷേപം |
| 06 | Bidders SD | 20084 | 03/2013 മുതലുള്ള നിക്ഷേപം |
| 07 | Contractors Retension | 329874 | 03/2014 മുതലുള്ള നിക്ഷേപം |
| 08 | Other Deposit | 9000 | 10/2015 മുതലുള്ള നിക്ഷേപം |

മേൽ പരാമർശിച്ചവയിൽ കാലഹരണപ്പെട്ട നിക്ഷേപം കണ്ടെത്തി പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം) മറുപടി നൽകി. ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-32 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി- നാളിതുവരെ പണി തുടങ്ങിയിട്ടില്ല

2017-18, 2018-19, 2021-22 എന്നീ വർഷങ്ങളിൽ വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ച് മുൻകൂറായി തുക കൈപ്പറ്റുകയും നാളിതുവരെയായി വീടുനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 139/19 | ശ്രീമതി സീമ രജിമോൻ | 40000 |
| 2 | 35/19 | ശ്രീമതി ഹേമലത, കുരുടാരിക്കളത്തിൽ | 40000 |
| 3 | 21/19 | ശ്രീമതി ഫിലോമിന ക്ളീറ്റസ്, കൊടിയനാട്ട് | 40000 |
| 4 | 215/18 | ശ്രീമതി രമണി, പഴങ്ങാട്ട് നികർത്ത് | 40000 |
| 5 | 70/20 | ശ്രീമതി ഐഷ സുദർശനൻ, പുത്തനാട്ട് കോളനി | 30000 |

ഇതിൽ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ഗുണഭോക്താക്കൾ 40000/-രൂപ മുൻകൂർ കൈപ്പറ്റുകയും വീട്ടുപണി ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തതുമാണ്. ക്രമ നമ്പർ 5 ശ്രീമതി ഐഷ സുദർശനൻ എന്ന ഗുണഭോക്താവ് 300000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ ലിന്റൽ ലവൽ വരെ മാത്രമേ പൂർത്തീകരിച്ചതായി കാണുന്നുള്ളൂ. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിട്ടുണ്ടെങ്കിലും ഇതുവരെയും പുരോഗതി ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/10.08.2023), മുൻകൂർ കൈപ്പറ്റി ഭവനനിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത മേൽ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ

ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ നടന്നുവരികയാണെന്നും ശ്രീമതി ഐഷ സുദർശനൻ എന്ന ഗുണഭോക്താവ് കെട്ടിടത്തിന്റെ ലിന്റൽ വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും സാമ്പത്തിക ബാദ്ധ്യതയെ തുടർന്ന് ഇപ്പോൾ നിർത്തിവെച്ചിരിക്കുക യാണെന്നും നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

കരാർ വ്യവസ്ഥ പ്രകാരം കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ടി ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടുമില്ല. പ്രസ്തുത സാഹചര്യത്തിൽ ഇതിന്മേൽ നടന്നുവരുന്ന നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ

അടങ്കൽ - 200000/-

ചെലവ് - 200000/-

ബിൽ റഫറൻസ് നമ്പർ - 220606520116O1174411/10.02.2023

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) ഉൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഹോംകോയിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും മരുന്നുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ, ഹോമിയോ നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. അടിയന്തിരമായി മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരങ്ങളില്ല

റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രോജക്ട് നം. S0044/23) എന്ന പ്രോജക്ടിൽ പഞ്ചായത്തിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും ആസ്തികൾ മാപ്പ് ചെയ്യുന്നതിനുമായി ഒരു വാർഡിന് 3000/- രൂപ നിരക്കിൽ 15 വാർഡിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 45000/- രൂപ വകയിരുത്തിയിരുന്നു. ആസ്തികൾ ആർ ട്രാക്ക് ചെയ്യുന്നതിനായി ആതിര എസ് ദേവൻ, (കുമ്മര ഹൌസ്, എഴുപുന്ന സൌത്ത് പി ഒ) നവ്യ റ്റി ആർ (തുണ്ടിൽ ഹൌസ്, എഴുപുന്ന സൌത്ത് പി ഒ) എന്നിവരെ ചുമതലപ്പെടുത്തുകയും 18000/- രൂപ (Sanction Order No. 19/29.06.2022) രണ്ടുപേർക്കുമായി (2x9000) നൽകുകയും ചെയ്തിട്ടുണ്ട്. ആർ ട്രാക്കിംഗിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/10.08.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 18000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വിവിധ അങ്കണവാടികളുടെ നവീകരണം – പ്രവൃത്തി പൂർത്തിയാക്കിയില്ല

വിവിധ അങ്കണവാടികളുടെ നവീകരണം (നം.S0139/23) എന്ന പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1500000/- രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിക്കായി 15,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും M/s EXCELSIOR ENTERPRISES, CHERTHALA എന്ന

സ്ഥാപനത്തിന്റെ 1234950/- രൂപയുടെ ടെൻഡർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 17.01.2023 ൽ സ്ഥാപനത്തിന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. സ്ഥാപനം 18.03.2023 ൽ ഭാഗികമായി പ്രവൃത്തി ചെയ്ത് 355392/- രൂപയുടെ (ബിൽ നം. 16/25.03.2023) ബിൽ തുക കൈപ്പറ്റിയിട്ടുണ്ട്. 16.07.2023-ൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അവസാനിച്ചു. എന്നാൽ സ്ഥാപനം ഇതുവരെ പ്രവൃത്തി പൂർത്തിയാക്കുകയോ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/10.08.2023) മറുപടി ലഭ്യമാക്കിയില്ല. അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ട അങ്കണവാടികളുടെ നവീകരണപ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്കുള്ളിൽ തീർക്കാത്തത് ഗൗരവമായി വീക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-36 MGNREGS നായി ചെലവഴിച്ച 158961/- രൂപ നാളിതുവരെ റീക്കൂപ്പ് ചെയ്തിട്ടില്ല

വൗച്ചർ പരിശോധനയിൽ MGNREGS ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും 27.04.2022 ലെ 8/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരവും MGNREGS നായി രണ്ടു കമ്പ്യൂട്ടറുകൾ ഒരു യു.പി.എസ്., രണ്ട് സ്കാനർ എന്നിവ RJ Enterprises, Kalathipady, Kottayam എന്ന സ്ഥാപനത്തിൽ നിന്നും RJE00295/2022-23/26.5.22 പ്രകാരം രണ്ടു കമ്പ്യൂട്ടറുകൾ 103961/- രൂപയ്ക്കും (വൗച്ചർ നം.226/09.06.22 , ചെക്ക് നം. 052818, രൂ. 103961/-) RJE00379/ 2022-23/08.06.22 - ഒരു 1KV – Hykon UPS, മൂന്ന് Hykon ട്യൂബുലർ ബാറ്ററി എന്നിവ 55000/- രൂപയ്ക്കും (വൗച്ചർ നം.305/21.7.22, ചെക്ക് നം. 053195, രൂ. 55000/-) എന്നീ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

മേൽ വാങ്ങലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (02/07.08.23) GeM മുഖേന വാങ്ങിയ രേഖകളും ഇതു സംബന്ധിച്ച 27.4.22 ലെ 8/1 നമ്പർ തീരുമാനവും ഹാജരാക്കി. MGNREGS നായി വാങ്ങുന്ന തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യണമെന്ന നിബന്ധനയോടെയാണ് മേൽ വാങ്ങലിന് കമ്മിറ്റി അംഗീകാരം നല്കിയിട്ടുള്ളത്. എന്നാൽ ഈ തുക നാളിതുവരെ റീക്കൂപ്പ് ചെയ്തതായി കാണുന്നില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്ററിൽ MGNREGS ന്റെ ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുമില്ല. തുക റീക്കൂപ്പ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-37 ഹെഡ്മാസ്റ്റർ, ചങ്ങരം യു.പി.സ്കൂൾ നിർവ്വഹണം നടത്തിയ ലാപ്ടോപ്പ് വിതരണ പദ്ധതി - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 124/22-23

അടങ്കൽ - 670932/- (SCP)

ചെലവ് - 670932/- (ട്രഷറി ബിൽ നം. 2/22-23/1.3.23)

ഇൻവോയ്സ് നം. ITP/19187/22-23/തീ.31.3.2023 -കെൽട്രോൺ

ചങ്ങരം യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ, നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 18 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തിയതിൽ 5 വിദ്യാർത്ഥികൾക്ക് മാത്രമാണ് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതിനുമുമ്പ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. താഴെപ്പറയുന്ന 13 വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതിനുമുമ്പ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1. അതുല്യ തിലകൻ

2. പ്രിഥ്വി പ്രസാദ്

3 രാഹുൽ ആർ.

4 ജിബിൻദാസ്

5 ആഷ്ന കെ.എസ്.

6 അതുൽ ഉത്തമൻ

7 ആദർശ് റ്റി.എസ്.

8 സന്ദീപ്. പി.എസ്.

9 അഭിനന്ദ് കെ.

10 ആരതി പുഷ്പൻ

11 അരവിന്ദ് ബാബു

12 ഹർഷ ബാബുക്കുട്ടൻ

13 സാന്ദ്ര കെ.എസ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.5/8.8.23) 10.8.2023 ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നല്കുകയും ആയതിന്റെ പകർപ്പ് ഹാജരാക്കുകയുമുണ്ടായി. മേൽ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. തുക 484172/- രൂപ (37244x13) തടസ്സപ്പെടുത്തുന്നു.

1-38 ചില പദ്ധതി ഫയലുകളിൽ രേഖകൾ അപൂർണ്ണം

വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തികൾ സംബന്ധിച്ച് ഓവർസിയർ അംഗീകരിച്ച എസ്റ്റിമേറ്റ് ഹാജരാക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജനറൽ വിഭാഗത്തിലും എസ് സി വിഭാഗത്തിലുമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് സമർപ്പിച്ചില്ല. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുള്ളവർ കെട്ടിടത്തിന്റെ പ്ലാൻ ഹാജരാക്കിയിട്ടില്ല. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത കെട്ടിടങ്ങളോടുചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലയിൽ പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച പ്ലാനിന്റെ അഭാവത്തിൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ കഴിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിലും ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 09/10.08.2023), വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ എസ്റ്റിമേറ്റ് ഹാജരാക്കുന്നതാണെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിൽ ഗുണഭോക്താക്കൾ സമർപ്പിക്കുന്ന പ്ലാനിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തിക്ക് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നു. പ്രസ്തുത പദ്ധതിഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്കോളർഷിപ്പ് വിതരണം - അർഹമായതിലും അധികം തുക നൽകി

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 30/23)

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക – 17,00,000/-

ചെലവ് - 13,13,200/-

ബിൽ നം. - 44/16.8.2022 – 4,41,750/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം. - 45/16.8.2022 – 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം. - 61/12.9.2022 – 74050/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം. - 88/26.9.2022 – 71,250/- (വികസന ഫണ്ട് പൊതുവിഭാഗം)

ബിൽ നം. - 112/16.10.2022 – 1,71,550/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നം. - 394/13.3.2022 – 3,54,600/- ( വികസന ഫണ്ട് പൊതുവിഭാഗം)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ബിൽ ബുക്ക് പ്രകാരം തൻവർഷം 1313200/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 40 കുട്ടികൾക്കായി 11,40,000/- രൂപയും ശാരീരികവെല്ലുവിളി നേരിടുന്ന 16 കുട്ടികൾക്ക് 1,73,200/- രൂപയാണ് വിതരണം നടത്തിയിട്ടുള്ളത്. ബിൽ കോപ്പി, തുകയുടെ വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ അപേക്ഷ എന്നിവ പരിശോധിച്ചതിൽ, ശാരീരികവെല്ലുവിളി നേരിടുന്ന കുട്ടികളിൽ ചിലർക്ക് അവർക്ക് അർഹതപ്പെട്ടതിലധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കുട്ടിയുടെ പേര്, പഠിക്കുന്ന ക്ലാസ് | അർഹമായ തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 01 | ജോസ്മി ജിഫിയ, പ്ലസ് ടു | 8000 | 12000 | 4000 |
| 02 | പ്രണവ് രമേശ്, പത്താം ക്ലാസ് | 8000 | 12000 | 4000 |
| 03 | അശ്വിൻ, ബി ടെക് | 13000 | 19500 | 6500 |
| 04 | അമീർ സി.എസ്, പ്ലസ് ടു | 8000 | 12000 | 4000 |
| 05 | ശിവ രാജേഷ്, എട്ടാം ക്ലാസ് | 6600 | 9900 | 3300 |
| 06 | സൂരജ് സി.എസ്, എട്ടാം ക്ലാസ് | 6600 | 9900 | 3300 |
| 07 | ആദിത്യൻ ബി, പത്താം ക്ലാസ് | 8000 | 12000 | 4000 |
| 08 | വന്യ, പ്ലസ് വൺ | 8000 | 12000 | 4000 |
| | ആകെ തുക | | | 33100/- |

വികസന ഫണ്ടിൽ നിന്നും കൂടുതലായി പിൻവലിച്ച 33100/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുകയോ അല്ലാത്തപക്ഷം അധികച്ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം-അധികമായി നൽകിയ 9437/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം

അടങ്കൽ - 750000 /- (വികസനഫണ്ട് )

ചെലവ് - 647732 /- രൂപ

ബിൽ നമ്പർ - 17/2022-23/24.03.2023

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പദ്ധതി പ്രകാരം കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 14 വനിതകൾക്ക് അവരുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായകരമാകുകയെന്ന ലക്ഷ്യം മുൻനിർത്തി ഇരുചക്രവാഹനം

വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ 647732/- രൂപ ചെലവഴിച്ചിട്ടുണ്ട്. *സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നം. 115/2022/എൽ എസ് ജി ഡി തീയതി: 28.25.2022) ഖണ്ഡിക 6.5.2 -ൽ വാഹനങ്ങളുടെ ജി എസ് ടി ഉൾപ്പെടെയുള്ള എക്സ്ഷോറൂം വിലയുടെ 50% (പരമാവധി 50000/-രൂപ)* സബ്സിഡി ഇനത്തിൽ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ശ്രീമതി ദിവ്യ, കൃഷ്ണഭവൻ, കോടംതുരുത്ത് എന്ന ഗുണഭോക്താവ് വാങ്ങിയിട്ടുള്ള ഹോണ്ട ആക്റ്റിവ സ്കൂട്ടറിന് വിതരണക്കാരായ ഇവിഎം ഓട്ടോമൊബൈൽസ്, വൈറ്റില എന്ന സ്ഥാപനം 16.03.2023-ൽ നൽകിയ ഇൻവോയ്സ് പ്രകാരം എക്സ്ഷോറൂം വില 81127/- രൂപയാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നതു പ്രകാരം 40564/- രൂപയാണ് സബ്സിഡി ഇനത്തിൽ നൽകാൻ കഴിയുന്നത്. എന്നാൽ മേൽ നമ്പർ ബിൽ പ്രകാരം പ്രസ്തുത വിതരണക്കാരുടെ അക്കൗണ്ടിലേയ്ക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/10.08.2023) നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ, വാഹന വിതരണക്കാർ നൽകിയിട്ടുള്ള ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള എക്സ്ഷോറൂം വില തെറ്റായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അധിക തുക നൽകാനിടയായിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. ഇങ്ങനെ നൽകിയ അധിക തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. ഇപ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി നൽകിയ 9437/-രൂപ അടിയന്തിരമായി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3-3 അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം വാർഡ് 15 – എക്സ്കവേറ്റ് ചെയ്ത മണ്ണ് നിലവിലുള്ളപ്പോൾ ഗ്രാവൽ ഫില്ലിംഗിന് തുക അനുവദിച്ചു

അയ്യനാട്ട് ഫുട്പാത്ത് കാന നിർമ്മാണം (പ്രോജക്ട് നം. S0038/23) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഉറവൂർ എഴുപുന്ന റോഡിൽ അയ്യനാട്ട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറേക്ക് പോകുന്ന 121 മീറ്റർ നീളം 1 മീറ്റർ വീതിയുള്ള (ചെയിനേജ് 0.00 To 121.00) ടൈൽ ഇട്ട നടവഴിയുടെ ഒരു സൈഡിൽക്കൂടി കാന നിർമ്മിച്ച് വെള്ളം തോട്ടിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള സൌകര്യമൊരുക്കുകയാണ് ഈ പുതിയ നിർമ്മാണപ്രവൃത്തിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. വികസനഫണ്ടിൽ (എസ് സി പി) നിന്നും 700000/-രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 244879/- രൂപയും ഉൾപ്പെടെ ആകെ 944879/- രൂപയാണ് പ്രവൃത്തിക്കായി വകയിരുത്തിയിട്ടുള്ളത്. അളവുപുസ്തകം (നം. 49/KDM/21-22 പേജ് 2) പ്രകാരം പ്രവൃത്തിയുടെ ഇനം 1 ആയി 122.30 മീറ്റർ നീളത്തിൽ എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 68.79 $M^3$ മണ്ണ് ലഭിച്ചിട്ടുണ്ട്. ഈ മണ്ണിന്റെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഇനം 8 ആയി കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് പേജ് 14, 15 പ്രകാരം 19.256 $M^3$ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് 68.79 $M^3$ ഉള്ളപ്പോൾ കരാറുകാരന് 5990/- രൂപ (9.6$m^3$@325.93 + 9.656$m^3$@296.30) നൽകിയത് ക്രമപ്രകാരമല്ല. ഇതുമൂലം 6709/- രൂപ (5990+12% GST) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കരാറുകാരനിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. കുഴിച്ചെടുത്തതിൽ അവശേഷിക്കുന്ന 49.53 $M^3$ (68.79-19.26) മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ട താണ്.

കരാറുകാരൻ : അരവിന്ദ്, ഭാസ്കരാലയം, പട്ടണക്കാട്

ചെലവ് :

700000/- ബിൽ നം. 2/06.08.2022

205401/- Sanction Order No.37/02.08.2022

## 3-4 നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ഈടാക്കേണ്ട ഫൈൻ കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തി. പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/ 2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതുമാണ്.

| ക്രമ നം. | പ്രോജക്ടിന്റെ നം, പേര് | കരാറുകാരൻ പി എ സി | സൈറ്റ് കൈമാറിയ തീയതി, കാലയളവ് | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ട ഫൈൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ഇല്ലിക്കൽ കാന നിർമ്മാണം വാർഡ് 14 (S0039/2023) | ശ്രീ.അരവിന്ദ് എൻ എ 254954 | 08.11.2021 6 മാസം | 07.05 2022 | 14.12.2022 | 08.05.2022-07.08.2022 254954x1%= 2549/- 08.08.22- 07.11.2022 = 254954x2% = 5099/- 08.11.2022-14.12.2022= 254954x2%x37/90 = 2096/- ആകെ 9744/- | 2207/- | 7537/- |
| 2 | ചക്കാലച്ചിറ - IHRDP റോഡ് നിർമ്മാണം വാർഡ് 4 (S0036/23) | ശ്രീ.അരവിന്ദ് എൻ എ 588504.76 | 08.11.2021 6 മാസം | 07.05 2022 | 28.12.2022 | 08.05.2022-07.08.2022 588504x1%= 5885/- 08.08.22- 07.11.2022 = 588504x2% = 11770/- 08.11.2022-28.12.2022= 588504x2%x51/90 = 6670 ആകെ 24325/- | 3662 | 20663 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | അയ്യനാട്ട് ഫുട്ട്പാത്ത് കാന നിർമ്മാണം വാർഡ് 15 (S0036/23) | ശ്രീ.അരവിന്ദ് എൻ എ 843641.70 | 08.11.2021 6 മാസം | 07.05 2022 | 10.06.2022 | 843641x1%x34/90 = 3093 | --- | 3187 |
| | ആകെ | | | | | | | 31387 |

ക്രമ നം. 1 ഇല്ലിക്കൽ കാന നിർമ്മാണം വാർഡ് 14 (S0039/2023) എന്ന പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി 31.12.2022 വരെ ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. സ്ഥല ഉടമയുമായി ചെറിയ തർക്കം വരുകയും തുടർന്ന് പഞ്ചായത്ത് പ്രസിഡന്റിന്റേയും മെമ്പറിന്റേയും നേതൃത്വത്തിൽ പ്രശ്നം പറഞ്ഞുതീർക്കുകയും ചെയ്തതാണ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കാരണമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽക്കാരണം ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി യിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ 2207/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

ക്രമ നം.2 ചക്കാലച്ചിറ – IHRDP റോഡ് നിർമ്മാണം വാർഡ് 4 എന്ന പ്രവൃത്തിയിൽ 31.12.2022 വരെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ 3662/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.

ക്രമ നം.2 അയ്യനാട്ട് ഫുട്ട്പാത്ത് കാന നിർമ്മാണം വാർഡ് 15 എന്ന പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി 30.06.2022 വരെ ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ശ്രീ.അരവിന്ദ് എൻ എ നൽകിയ അപേക്ഷയിൽ തീയതി രേഖപ്പെടുത്തുകയോ അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല. വർക്ക് ചെയ്യുന്ന സ്ഥലത്തെ ഇലക്ട്രിക് പോസ്റ്റും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പും മാറ്റി സ്ഥാപിക്കാൻ വന്ന കാലതാമസവും മഴയും കാരണമാണ് വർക്ക് തുടങ്ങാൻ താമസിച്ചത് എന്നാണ് അപേക്ഷ നൽകിയിട്ടുള്ളത്. അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത് "മേൽ കാരണങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഫൈനിൽ നിന്നും ഒഴിവാക്കി ബിൽ സമർപ്പിക്കുന്നു" എന്നാണ്. ഇതിൽ നിന്നും ബിൽ സമർപ്പിക്കുന്ന സമയത്താണ് കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയതെന്ന് വ്യക്തമാണ്.

കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടിവരുന്ന ഒരോ മൂന്നുമാസത്തിനും കരാർതുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ. ക്രമ നം.1, 2 പ്രവൃത്തികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തീരുമാനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ക്രമ നം.3 കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലാത്തതിനാലും പ്രസ്തുത മൂന്ന് പ്രവൃത്തികളിലും ഫൈൻ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടില്ലാത്ത തിനാലും കരാറിലെ വ്യവസ്ഥ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്. പ്രസ്തുത മൂന്ന് പ്രവൃത്തികളും ഒരേ ദിവസം ആരംഭിച്ചതും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ തീർക്കാൻ കഴിയാത്തതിന് കാരണമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/10.08.2023) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിലുള്ള നഷ്ടം 31387/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

(മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/10.08.2023) മറുപടി ലഭ്യമാക്കിയില്ല).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 740000 | ലൈഫ് ജനറൽ | 740000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-2023 | 260000 | ലൈഫ് എസ് സി | 260000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 192000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 192000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 1532000 | ലൈഫ് ജനറൽ | 1532000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 171550 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 171550 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 150000 | അങ്കണവാടി അനുപൂരക | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരം | | |
| ജില്ലാപഞ്ചായത്ത് | 2022-2023 | 746000 | ലൈഫ് എസ് സി | 746000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1980000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | 1980000 | 18142599 | 2407782 | ഇല്ല | 17714817 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8883/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2021-2022 | 3-2 | 4310 | ശ്രീ. പ്രവീൺകുമാർ | 1220101518/ 26.11.2022 |
| 2017-2018 | 2-1(1) | 4573 | ശ്രീ. ഷാജിമോൻ | 1220102784/ 07.03.2023 |
| ആകെ | | 8883 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53573955 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32945528 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 80633 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 915774 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 33100 | ശ്രീമതി റീന പദ്മനാഭൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | | 9437 | ശ്രീമതി സഫീറ എം ഐ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വല്ലേത്തോട് സർക്കിൾ |
| 3-3 | | 6709 | ശ്രീമതി ശോഭ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 31387 | ശ്രീമതി ശോഭ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 80633 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 8360 | ശ്രീമതി അനുമോൾ.പി.കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-25 | 367200 | ഡോ. നീന ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-30 | 38042 | ശ്രീ. സുരേഷ് ജോർജ്ജ് റ്റി, സെക്രട്ടറി |
| 1-34 | 18000 | ശ്രീമതി ശോഭ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 484172 | ഡോ. രാജ് ഗോപാൽ ജി പൈ, പ്രധാന അദ്ധ്യാപകൻ, ഗവ. യു പി എസ്, ചങ്ങരം |
| ആകെ | 915774 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീന പദ്മനാഭൻ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് ഓഫീസർ, കഞ്ഞിക്കുഴി അഡീഷണൽ പ്രോജക്ട് ഓഫീസ്, ചേർത്തല | രമാനിലയം, കടക്കരപ്പള്ളി പി ഒ, ചേർത്തല |
| ശ്രീമതി സഫീറ എം ഐ.,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>വല്ലേത്തോട് സർക്കിൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | കണ്ടത്തിൽ പറമ്പിൽ, മലയൽതുരുത്ത് പി ഒ.<br>എറണാകുളം |
| ശ്രീമതി അനുമോൾ പി കെ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | ആഭേരി, അരൂർ പി ഒ, ചേർത്തല, ആലപ്പുഴ<br>പിൻ-688534 |
| ശ്രീമതി ശോഭ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | സർവ്വീസിൽ നിന്നും വിരമിച്ച | മൈത്രി ഭവൻ, ചേർത്തല തെക്ക് പി ഒ |
| ഡോ. നീന ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | ചൈതന്യ, തുറവൂർ പി ഒ, ചേർത്തല<br>പിൻ-688532 |
| ശ്രീ. സുരേഷ് ജോർജ്ജ് റ്റി, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ച | കൊച്ചു കാരിയിൽ, അർത്തുങ്കൽ പി ഒ, ചേർത്തല |
| ഡോ. രാജ് ഗോപാൽ ജി പൈ, പ്രധാന അദ്ധ്യാപകൻ, ഗവ. യു പി എസ്, ചങ്ങരം | പ്രധാന അദ്ധ്യാപകൻ, ഗവ. യു പി എസ്, ചങ്ങരം | 34/121ഡി, പ്രകൃതി, അമ്പനാട്ട് റോഡ്, മോനപ്പള്ളി.<br>തൃപ്പൂണിത്തറ പിൻ – 682301 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീയതി.16.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി12-725/17/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി12-87/19/07.01.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-175/2020 28.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി9-846/2021, 28.09.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി9-847/2021, 28.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി9-1068/2022, 29.09.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 10-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kodamthuruth Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodamthuruth Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kodamthuruth Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Cash flow statement Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3) The pass book balance of E.M.S loan account as per bank reconciliation statement is 1826/- . But the actual closing balance as on 03/2023 is Rs.1872
4)The Demand, Collection and Balance of Property Tax as per Annual Account does not match with the

entries from Sanjaya Software D.C.B Statement.

5) The demand entries property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

6) The unspent grant amount of C.F.C Grant shown as liability in Balalnce sheet schedule B-4 mismatch with schedule B-7 and RP-47(b)

7) Depreciation provided for Roads & Bridges is more than than the actual Asset value.

8) Loan register and Advance register are not prepared.

9) The asset register is not updated by including the assets acquired during the year.

Deputy Director
District Audit Office, Alappuzha
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്